കേരള സംസ്ഥാന സർവീസിൽ വനം വകുപ്പിൽ ഫോറസ്റ്റ് വാച്ചർ തസ്തികയിലേയ്ക്ക് വനാശ്രിതരായ ആദിവാസി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും പ്രത്യേക നിയമനത്തിന് ഇടുക്കി, മലപ്പുറം ജില്ലകളിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. 29.12.2021 –ലെ ഗസറ്റ് വിജ്ഞാപനപ്രകാരമുള്ള ഈ തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 02.02.2022 ആണ്. ഇടുക്കി, മലപ്പുറം ജില്ലകളിലാണ് ഒഴിവുകൾ എന്നതിനാൽ അതാത് ജില്ലകളിലെ ആദിവാസി പട്ടികവർഗ്ഗക്കാർ മാത്രം അപേക്ഷിച്ചാൽ മതിയാകും. അപേക്ഷയുടെ മാതൃക വിജ്ഞാപനത്തോടൊപ്പം ചേർത്തിട്ടുണ്ട്. അപേക്ഷയുടെ മാതൃകയും മറ്റു വിശദ വിവരങ്ങൾക്കും പി.എസ്.സി. ബുള്ളറ്റിൻ, വെബ് സൈറ്റ് എന്നിവ പരിശോധിക്കുകയോ അതാത് ജില്ലാ ഓഫീസിൽ നിന്നും മാർഗ്ഗ നിർദ്ദേശം സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.